പത്രക്കുറിപ്പ്

# സ്കൂൾ വിദ്യാർത്ഥിനിയെ ലൈംഗികമായി പീഡിപ്പിച്ച രണ്ടു പേർ പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 56 പേർക്കെതിരെ നിയമനടപടി 20,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വീട്ടുകാരുമായി പിണങ്ങി ഒറ്റയ്ക്ക് ചെന്നൈയിലേക്ക് പോകുവാൻ റയിൽവേ സ്റ്റേഷനിൽ എത്തിയ പ്രായപൂർത്തിയാകാത്ത സ്കൂൾ വിദ്യാർത്ഥിനിയെ സൗഹൃദം നടിച്ച് കൂട്ടിക്കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിച്ച കേസിൽ രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി.-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വലിയതുറ ഡൊമസ്റ്റിക് എയർപോർട്ടിന് മുൻവശം സ്റ്റിജോ ഹൗസിൽ താമസം പ്രശോഭ് ജേക്കബ് (34 ), വലിയതുറ വലിയ തോപ്പ് സെയിന്റ് ആൻസ് ചർച്ചിന് സമീപം സ്റ്റെല്ലാ ഹൗസിൽ ജോണ്ടി എന്ന് വിളിക്കുന്ന ജോൺ ബോസ്കോ (33) എന്നിവരെയാണ് പേരൂർക്കട പോലീസ് അറസ്റ്റ ചെയ്തത്.



പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്ത
പ്രശോഭ് ജേക്കബ് (34)
ജോൺ ബോസ്കോ @ ജോണ്ടി (33)

കഴിഞ്ഞ ജനുവരി 9-നാണ് സംഭവങ്ങളുടെ തുടക്കം. വീട്ടുകാരോട് പിണങ്ങിയിറങ്ങിയ പെൺകുട്ടി തമ്പാനൂർ റയിൽവേ

സ്റ്റേഷനിലെത്തി ചെന്നൈയ്ക്ക് പോകാൻ ടിക്കറ്റെടുക്കാനായി കാത്തിരുന്നപ്പോഴാണ് പ്രതികൾ അടുത്തു കൂടിയത്. തുടർന്ന് തന്ത്രപരമായി പെൺകുട്ടിയെ പടിഞ്ഞാറെക്കോട്ടക്ക് സമീപമുള്ള ലോഡ്ജിൽ കൂട്ടികൊണ്ടു പോയി, അവിടെ വച്ചും, പിന്നീട് യാത്രയിൽ പെൺകുട്ടിയെ പിൻതുടർന്ന പ്രതികൾ തമിഴ്നാട്ടിലെ കായ്പ്പാടി റെയിൽവേ സ്റ്റേഷന് സമീപത്തുള്ള ലോഡ്ജിൽവച്ചും ലൈംഗികമായി പീഡിപ്പിച്ച് കടന്നു കളയുകയായിരുന്നു. കാണ്മാനില്ലെന്നുള്ള വീട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ പേരൂർക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ വിദ്യാർത്ഥിനിയെ ബംഗളൂരുവിൽ നിന്നും കണ്ടെത്തിയപ്പോഴാണ് പീഡനവിവരം പുറത്തറിഞ്ഞത്. മൊബൈൽ ഫോൺ ഇല്ലാതിരുന്ന പെൺകുട്ടി, കൂടെ യാത്ര ചെയ്തവരിൽ നിന്ന് ഫോൺ വാങ്ങി പലരെയും വിളിച്ചിരുന്നു. അങ്ങനെയാണ് പെൺകുട്ടി ബംഗളൂരുവിൽ ഉണ്ടെന്നു മനസിലാക്കി പോലീസ് കണ്ടുപിടിച്ചത്. പീഡന വിവരം പുറത്ത് വന്നതിനെ തുടർന്ന് പ്രതികളെ പിടികൂടുന്നതിനായി പോലീസ് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ. ദിവ്യ.വി. ഗോപിനാഥിന്റെ നിർദേശാനുസരണം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിരുന്നു. അന്വേഷണ സംഘം ട്രെയിനിലെ യാത്രക്കാരുടെ വിവരം ശേഖരിച്ചും, ഫോൺ നമ്പറുകൾ കേന്ദ്രീകരിച്ച് സൈബർസെൽ മുഖാന്തിരവും തുടർച്ചയായി നടത്തിയ അന്വേഷണത്തിനൊടുവിലാണ് പ്രതികൾ പിടിയിലായത്. പെൺകുട്ടിയെയും പ്രതികളെയും ചോദ്യം ചെയ്തതിലും മറ്റു അന്വേഷണങ്ങൾ നടത്തിയതിലും പിടിയിലായ പ്രതികളുടെ സുഹൃത്തുക്കളായ മറ്റു നാല് പേർ കൂടി പെൺകുട്ടിയെ ബംഗളൂരുവിൽ വച്ച് പീഡിപ്പിച്ചതായി സൂചന ലഭിച്ചിട്ടുണ്ട്. ഇവരെ പിടികൂടുന്നതിനുള്ള അന്വേഷണം ഊർജിതമാക്കിയതായും കമ്മീഷണർ അറിയിച്ചു. പേരൂർക്കട എസ്.എച്ച്.ഓ സൈജുനാഥിന്റെ നേതൃത്വത്തിൽ എസ്

ഐ മാരായ മോനിഷ് എം, സുനിൽ വി, സഞ്ജു ജോസഫ്, എ എസ് ഐ അനികുട്ടൻ നായർ, എസ് സി പി ഓ മാരായ ഷംനാദ്, മീനാ എസ്. നായർ സി പി ഓ മാരായ അനീഷ്, ആതിര, രശ്മി എന്നിവർ അടങ്ങിയ പ്രത്യേക അന്വേഷണ സംഘമാണ് പെൺകുട്ടിയെ കണ്ടെത്തുന്നതിനും പ്രതികളെ അറസ്റ്റ് നേതൃത്വം നൽകിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (19-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 56 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 13 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 41 പേരിൽ നിന്നും 20,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
19-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി